കേരള സർക്കാർ

# കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.7)1881/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:25/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- കോട്ടപ്പടി ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.-ഇകെഎം(പി.7)1881/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030

ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:25/11/2017

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | എസ്. വിജയകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15-09-2017 മുതൽ<br>25-09-2017 വരെ | അബ്ദുൾ സലാം ടി.ഐ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീജിത്ത് സി.ഡി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നവാസ് സി.എം.<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ ജോയ് എബ്രഹാം | 1-4-2016 മുതൽ 31-3-2017വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.കെ.കെ.പൊന്നമ്മ<br>സെക്രട്ടറി | 01-04-2016 മുതൽ 31-05-2016വരെ |

| | |
|---|---|
| ശ്രീമതി. അഥിതി ദേവി<br>അസിസ്റ്റന്റ് സെക്രട്ടറി,<br>സെക്രട്ടറി ഇൻ ചാർജ്ജ് | 01-06-2016 മുതൽ 21-12-2016 വരെ |
| ശ്രീമതി.എസ്.ശ്രീകല<br>സെക്രട്ടറി | 22-12-2016 മുതൽ 31-03-2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ലിവി | 01-04-2016 മുതൽ 31-03-2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.എസ്.ഷറഫുദ്ദീൻ | 01-04-2016 മുതൽ 31-03-2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈല.കെ.കെ. | 01-04-2016 മുതൽ 02-12-2016 വരെ |
| | | ശ്രീമതി.ലിജി.പി.എ. | 03-12-2016 മുതൽ 31-03-2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജെറാൾഡ്.ജെ.മാത്യു | 01-04-2016 മുതൽ 31-03-2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.രേഷ്മ ചന്ദ്രൻ | 01-04-2016 മുതൽ 31-03-2017 വരെ |
| 6 | ഹെഡ്മാസ്റ്റർ | ശ്രീമതി.ജെസ്സി.കെ.വർഗ്ഗീസ് | 01-04-2016 മുതൽ 31-03-2017 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബോബി ഈപ്പൻ | 01-04-2016 മുതൽ 31-03-2017വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- കോട്ടപ്പടി സർക്കിൾ | ശ്രീ. രമേശ് കുമാർ, കോട്ടപ്പടി സർക്കിൾ | 01-04-2016 മുതൽ 31-03-2017 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - വടാശേരി സർക്കിൾ | ശ്രീ. രമേശ് കുമാർ, അഡീഷനൽ ചാർജ്ജ് | 01-04-2016 മുതൽ 22-05-2016 വരെ |
| | | ശ്രീ.ഹൈനസ്.സി.എം. | 23-05-2016 മുതൽ 31-03-2017 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. അഥിതി ദേവി | 01-04-2016 മുതൽ 31-03-2017 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.റമീസ് മുഹമ്മദ് | 01-04-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | പഞ്ചായത്ത് പരിധിയിൽ ധാരാളം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു. | 2-1 |
| 13 | വസ്തുനികുതി നിർണ്ണയം – അപാകതകൾ | 2-2 |
| 14 | ഓഡിറ്റോറിയത്തിന്റെ വസ്തുനികുതി നിർണയത്തിലും പിരിവിലും അപാകതകൾ | 2-3 |
| 15 | പെട്രോൾ പമ്പിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്. | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചിട്ടില്ല. | 2-5 |
| 17 | തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പിരിക്കുന്നതിൽ ന്യൂനതകൾ | 2-6 |
| 18 | ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നില്ല. | 2-7 |
| 19 | BSNL, KSEB സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കാത്തത് | 2-8 |
| 20 | വാർഷികകണക്കുകളിലെ അപാകതകൾ | 2-9 |
| | ഭാഗം -3 | |
| 21 | പൊതുവാട്ടർ ടാപ്പുകളുടെ വാട്ടർചാർജ്ജ് കുടിശ്ശിക സംബന്ധിച്ച് | 3-1 |

| | | |
|---|---|---|
| 22 | പഞ്ചായത്തിന്റെ ധനവിനിയോഗത്തിലെ അപാകതകൾ | 3-2 |
| 23 | എസ്.എസ്.എ വിഹിതം പൂർണ്ണമായി നല്കുന്നില്ല. | 3-3 |
| 24 | വ്യാപാര സമുച്ചയനിർമ്മാണം- കാലതാമസം സംബന്ധിച്ച് | 3-4 |
| 25 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) – പദ്ധതികളിലെ അപാകതകൾ | 3-5 |
| 26 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല | 3-6 |
| 27 | സാമൂഹ്യസേവനപെൻഷൻ അവലോകനം | 3-7 |
| | ഭാഗം -4 | |
| 28 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-9 |
| | അനുബന്ധങ്ങൾ | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 30 | ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 31 | ഓഡിറ്റ് ചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 32 | ഓഡിറ്റ് ചെയ്ത റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം (വരവുചെലവ് പത്രിക പ്രകാരം |
|---|---|---|
| വരവ് | 13,67,80,000 | 4,01,34,429 |
| ചെലവ് | 13,70,30,000 | 3,90,17,270 |

വരവുചെലവ് പത്രിക പ്രകാരമുള്ള മേൽ കണക്കുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ

ഇ.എഫ്.എം.എസ്.മുഖേനയുള്ള ചെലവ് 1.68 കോടി രൂപയും സാമൂഹ്യസേവന പെൻഷൻ ഇനത്തിൽ ഡി.ബി.ടി യായി നൽകിയ 2.77 കോടി രൂപയും ഉൾപ്പെടുന്നില്ല. ആയത് ഉൾപ്പെടുത്തിയാലും ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ 5 കോടിയിലധികം രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

ബജറ്റ് ഷെഡ്യൂൾ 5 ൽ പ്രതീക്ഷിച്ചിരുന്ന 3,00,15,000 രൂപ എന്താണെന്ന് വിശദീകരിക്കാൻ പഞ്ചായത്തിന് സാധിച്ചില്ല.തൊഴിൽ നികുതി ഇനത്തിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുക വഴി പ്രതീക്ഷിച്ചിരുന്ന വരുമാന വർദ്ധനവും, ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത ഇനത്തിൽ പ്രതീക്ഷിച്ചിരുന്ന വരുമാനവും ലഭിച്ചില്ല. മുൻ വർഷത്തെ വരവ്-ചെലവിനേക്കാൾ കാര്യമായ വ്യത്യാസമുള്ള ഇനങ്ങൾക്ക് ആയത് സാധൂകരിക്കുന്ന രേഖകൾ കൂടി ഉണ്ടാകേണ്ടതാണ്. ബജറ്റ് യാഥാർത്ഥ്യബോധത്തോടുകൂടി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 24.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കിൽ ചില ന്യൂനതകൾ ഉള്ളതായി കണ്ടെത്തി. വിശദാംശം ഖണ്ഡിക 2-9 ൽ ചേർത്തിട്ടുണ്ട്.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53,64,509 |
| വരവ് | 4,01,34,429 |
| ആകെ | 4,54,98,938 |
| ചെലവ് | 3,90,17,270 |
| നീക്കിയിരിപ്പ് | 64,81,668 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരം) | ആകെ | ചെലവ് | ഫണ്ടിലേക്ക് തിരിച്ചടക്കപ്പെട്ടത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | ഇല്ല | 82,41,623 | 82,41,623 | 82,31,579 | 10,044 | 99.88 |
| വികസനഫണ്ട് എസ്.സി.പി. | ഇല്ല | 49,21,311 | 49,21,311 | 49,12,875 | 8,436 | 99.83 |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | 1,45,674 | 1,45,674 | 1,43,210 | 2,464 | 98.31 |
| സംരക്ഷണഗ്രാന്റ് റോഡ് | ഇല്ല | 93,02,826 | 93,02,826 | 31,85,320 | 61,17,506 | 34.24 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | ഇല്ല | 25,54,755 | 25,54,755 | 21,67,014 | 3,87,741 | 84.82 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 46,22,454 | 46,22,454 | 25,68,862 | 20,53,592 | 55.57 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | ഇല്ല | 33,70,425 | 33,70,425 | 10,87,216 | 22,83,209 | 32.26 |
| എൻ.ആർ.ഇ. ജി.എസ്. | | 1,68,66,958 | 16866958 | 1,68,19,042 | 47,916 | 99.70 |
| ബി ഫണ്ട് | ഇല്ല | 5,00,26,026 | 5,00,26,026 | 3,91,15,118 | ഇല്ല | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 5,00,61,743 | 94 | 2,59,80,674 | 40 | 14 | 64 |

.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29,43,793 | 43,97,465 | 14,53,672 | 49.38 |
| നികുതിയേതര വരവുകൾ | 4,67,680 | 4,59,331 | (-)8,349 | (-)1.76 |
| മറ്റുവരവുകൾ | 1,45,228 | 1,03,161 | (-)42,067 | (-)28.96 |
| ആകെ | 35,56,701 | 49,59,957 | 14,03,256 | 28.29 |

.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92,400 | ലഭ്യമല്ല |
| കർഷകതൊഴിലാളി പെൻഷൻ | 23,75,860 | 276 |
| വിധവാപെൻഷൻ | 57,57,330 | 603 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,75,21,890 | 1511 |
| വികലാംഗപെൻഷൻ | 18,98,705 | 225 |
| അവിവാഹിതകളായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള ധനസഹായം | 1,99,730 | 22 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 1,20,000 | 4 |
| ആകെ | 2,79,65,915 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2017 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7033/-രൂപ (ഏഴായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

കോട്ടപ്പടി ഗ്രാമ പഞ്ചായത്തിലെ വിവിധ ഫയലുകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം, സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം, പ്ലാൻ ഫണ്ട് വിനിയോഗം എന്നിവ മികച്ച നിലവാരം പുലർത്തുന്നുണ്ട്. സാംഖ്യ-സഞ്ചയ ഏകീകരണം ഇനിയും പൂർണ്ണമായിട്ടില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി പരിധിയിൽ വന്നിട്ടില്ല. പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളെക്കുറിച്ച് ഗ്രാമസഭയിൽ പരാതി ഉണ്ടാകുന്നുണ്ട്. അത്തരം സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ പഞ്ചായത്ത് തയ്യാറായിട്ടുണ്ടെങ്കിലും ഇത്തരത്തിൽ ധാരാളം അനധികൃത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2017, 12.07.2017 | 01.06.2017 മുതൽ 30.06.2017 വരെ | 21.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 2002-03 വരെ | 16.09.2003 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് പരിധിയിൽ ധാരാളം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു.

കോട്ടപ്പടി പഞ്ചായത്തിലെ കമ്മേർഷ്യൽ കെട്ടിടങ്ങളുടെ എണ്ണവും ഡി ആൻഡ് ഒ ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കമ്മേർഷ്യൽ കെട്ടിടങ്ങളുടെ എണ്ണം | ഡി ആൻഡ് ഒ ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 28 | 3 |
| 2 | 23 | 10 |
| 3 | 26 | 6 |
| 4 | 14 | 3 |
| 5 | 73 | 11 |
| 6 | 6 | 5 |
| 7 | 27 | 14 |
| 8 | 49 | 8 |
| 9 | 17 | 14 |
| 10 | 33 | 9 |
| 11 | 80 | 11 |
| 12 | 416 | 68 |
| 13 | 27 | 4 |
| വാർഡ് രേഖപ്പെടുത്താത്തത് | | 9 |
| ആകെ | 819 | 175 |

819 കൊമേഴ്സ്യൽ കെട്ടിടങ്ങൾ ഉണ്ടെങ്കിലും കേവലം 175 സ്ഥാപനങ്ങൾ മാത്രമാണ് ഡി ആൻഡ് ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ഒരു കെട്ടിടത്തിന് ഒന്നിലധികം നമ്പരുകളുണ്ടാകാനുള്ള സാധ്യതയും വേക്കൻസി റെമിഷനുള്ള സാദ്ധ്യതയും കണക്കിലെടുത്താലും ഇത്രയധികം കെട്ടിടങ്ങൾ പ്രവർത്തിക്കാതിരിക്കാനുള്ള സാദ്ധ്യതയില്ല. ഗ്രാമസഭ മിനിട്സുകളിൽ പല അനധികൃത വ്യാപാരസ്ഥാപനങ്ങളെപ്പറ്റിയും പരാമർശം കാണുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ പിന്നീട് പഞ്ചായത്തിന്റെ അന്വേഷണത്തിൽ അനധികൃതമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങൾ ഉണ്ടെന്ന് കരുതാവുന്നതാണ്.

. എല്ലാ വാർഡുകളിലും വിശദമായ സ്ഥല പരിശോധന നടത്തി അനധികൃത വ്യാപാരസ്ഥാപനങ്ങൾ കണ്ടെത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. പാർപ്പിടം എന്ന് അസ്സസ്സ് ചെയ്ത കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും, സ്ഥാപനത്തിന്റെ തൊഴിൽ നികുതി അസ്സസ്സ്മെന്റും, അനധികൃത മൊബൈൽ ടവറുകളും, മേൽ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സെക്രട്ടറിയൊ സെക്രട്ടറി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്റെയോ നിയന്ത്രണത്തിൽ വാർഡ് മെമ്പർമാരുടെ സഹായത്തോടെ സമയബന്ധിതമായി അന്വേഷണം പൂർത്തീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തു നികുതി നിർണ്ണയം നടത്തിയതിൽ അപാകത.

2016-17 വർഷം കെട്ടിട നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 12-ാം വാർഡിൽ 591/ബി, 591/സി, 591/ഡി എന്നീ നമ്പറുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം കൈരളി കൾച്ചറൽ അസോസിയേഷന്റെ പേരിലുള്ളതാണ്. 22-12-2015 ലെ എ5-5453/15 പ്രകാരം ഓഫീസ് ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് മേൽ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നൽകിയിരിക്കുന്ന പെർമിറ്റിന് വിരുദ്ധമായി കൊമേഴ്സ്യൽ കെട്ടിടമായിട്ടാണ് നിർമ്മാണം പൂർത്തിയാക്കിയത്.

ഗ്രാമപഞ്ചായത്ത് അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്ന് കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി.വിഭാഗത്തിലെ ഒന്നാം ഗ്രേഡ് ഓവർസിയറുടെ 14-02-2017 ലെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അപേക്ഷക സ്ഥാപനവും, ലൈസൻസിയും ചേർന്ന് തെറ്റിദ്ധരിപ്പിച്ചാണ് പെർമിറ്റ് കരസ്ഥമാക്കിയത് എന്നും, കെട്ടിടത്തിന്റെ നിർമ്മാണവേളയിൽ ഓഫീസ് ഒക്യൂപ്പൻസിയിൽ നിന്നും കൊമേഴ്സ്യൽ ഒക്യൂപ്പൻസിയിലേക്ക് വ്യതിചലിച്ച സാഹചര്യത്തിൽ റൂൾ 19 പ്രകാരം റിവൈസ്ഡ് പ്ലാൻ സമർപ്പിക്കേണ്ടതായിരുന്നു എന്നും ഓവർസിയറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. നിലവിൽ നൽകിയ പെർമിറ്റ് കാലഹരണപ്പെട്ടതാണെന്ന് ഓവർസിയർ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വിവരിച്ചവയുടെ അടിസ്ഥാനത്തിൽ ഫയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മടക്കി നൽകിയിട്ടുണ്ട്.

എന്നാൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി കെട്ടിട ഉടമയായ കൈരളി കൾച്ചറൽ അസോസിയേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 23.02.2017 ൽ ഫയൽ ചെയ്ത WP(C)No.6322/2017 കേസിൽ 07-03-2017 ന് പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ 22-12-2015 ൽ നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തിയായ കെട്ടിടത്തിന് പ്രൊവിഷണലായി നമ്പർ നൽകുവാനും, അതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥതാ സർട്ടിഫിക്കറ്റ് (Occupancy Certificate) നൽകുവാനും ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിട നിർമ്മാണം നടത്തിയത് എന്ന വിവരം കോടതിയെ ധരിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

2. മേൽ വിവരിച്ച കോടതി ഉത്തരവ് പ്രകാരം താത്ക്കാലിക നമ്പർ നൽകിയെങ്കിലും നികുതി നിർണ്ണയം നടത്തിയതിൽ കുറവ് വന്നിരുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.5/18.09.2017 ന് നൽകിയ മറുപടിയിൽ കുറവ് വന്ന 521/- രൂപ അടവാക്കിയിട്ടുണ്ട്.

## 2-3 ഓഡിറ്റോറിയത്തിന്റെ വസ്തു നികുതി നിർണയത്തിലും പിരിവിലും അപാകതകൾ

1. വസ്തു നികുതി പിരിച്ചിട്ടില്ല.

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ നിന്നും വർഷങ്ങളായി നികുതി പിരിക്കാത്തതായി കണ്ടു. 12ാം വാർഡിൽ പ്രവർത്തിക്കുന്ന 591ാം നമ്പർ കെട്ടിടം ഓഡിറ്റോറിയം ഗണത്തിൽ പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. 2016-17 വർഷത്തേക്ക് അടക്കേണ്ടതായ വസ്തു നികുതി 7088/- രൂപയാണ് . 2013 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധ വർഷം വരെ ആകെ 35440/- രൂപ കെട്ടിട നികുതിയിനത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. തുക പിരിച്ചത് സംബന്ധിച്ച് പരിശോധിച്ചതിൽ 35440/- രൂപ പിരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന് ലഭിച്ച മറുപടിയിൽ ആയത് പരിഗണിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിട നികുതി ഇനത്തിൽ കുടിശ്ശികയായ തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. കെട്ടിടങ്ങൾക്ക് വിസ്തീർണ്ണം കുറച്ച് നികുതി കണക്കാക്കിയിരിക്കുന്നു.

2016-17 വർഷത്തെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി പരിശോധിച്ചതിൽ കെട്ടിട നികുതി നിർണ്ണയം നടത്തിയിരിക്കുന്നതിന് തറ വിസ്തീർണ്ണം കുറച്ച് കാണിച്ചാണ് എന്ന് കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിലവിലെ നികുതി നിർണ്ണയം ക്രമപ്പെടുത്തുമ്പോൾ മേൽ വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ | ഉടമസ്ഥന്റെ പേര്/സ്ഥാപനം | കെട്ടിടത്തിന്റെ ഉപയോഗം/സഞ്ചയ പ്രകാരം ചേർത്തിരിക്കുന്ന |
|---|---|---|---|

| | | | വിസ്തീർണ്ണം (ചതുരശ്രമീറ്ററിൽ) |
|---|---|---|---|
| 1 | XII/591 | കൈരളി കൾച്ചറൽ അസ്സോസിയേഷൻ | ഓഡിറ്റോറിയം /300 |
| 2 | XII/602 A | കോട്ടപ്പടി ക്ലബ് | ഓഡിറ്റോറിയം /120 |
| 3 | VIII/123 | പള്ളി വക സണ്ടേ സ്കൂൾ, നാഗഞ്ചേരി | ഓഡിറ്റോറിയം /150 |

മേൽ കെട്ടിടങ്ങൾ ഓഡിറ്റിന്റെ അന്വേഷണത്തിൽ ഓഡിറ്റോറിയങ്ങളായി വാടകയ്ക്ക് കൊടുക്കുന്നതും, നിലവിൽ രേഖപ്പെടുത്തിയിരിക്കുന്ന തറ വിസ്തീർണ്ണത്തിൽ കൂടുതലായി വിസ്തീർണ്ണം ഉള്ളതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/23-09-2017 ന് ലഭിച്ച മറുപടിയിൽ ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും സ്ഥലപരിശോധന നടത്തി നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-4 പെട്രോൾ പമ്പിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്.

2016-17 വർഷം വസ്തു നികുതി നിർണ്ണയം, പിരിവ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് പെട്രോൾ പമ്പ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ മുഴുവൻ കെട്ടിടത്തിന്റേയും വിസ്തീർണ്ണം കണക്കാക്കാതെയാണ്. നിലവിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 12 ച.മീറ്റർ സ്ഥലത്തിന് മാത്രമാണ്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 2 (നിർവ്വചനങ്ങൾ) (m) ൽ കെട്ടിടം എന്നാൽ എന്താണ് എന്ന് നിർവ്വചിച്ചിട്ടുണ്ട്. ആയത് പ്രകാരം നികുതി നിർണ്ണയത്തിനായി പെട്രോൾ പമ്പുകളുടെ മുഴുവൻ കെട്ടിട ഭാഗവും എടുക്കേണ്ടതാണ് . നിലവിലെ പെട്രോൾ പമ്പിന്റെ നികുതി നിർണ്ണയം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തറ വിലസ്തീർണ്ണം | കെട്ടിടത്തിന്റെ ഉപയോഗ തരം / അടിസ്ഥാന വസ്തു നികുതി നിരക്ക് | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി. |
|---|---|---|---|---|
| XI/465 | പി.മണികണ്ഠൻ, അമ്പാട്ടുകുന്നേൽ | 12 | 100 ച.മീ.വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ../35 | 420/- |

വസ്തു നികുതി നിർണ്ണയത്തിലെ മേൽ അപാകത പരിഹരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിരിക്കുന്നതിൽ 100 ച.മീറ്റർ കോൺക്രീറ്റ് മേൽക്കൂര ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/19-09-2017 ന് നൽകിയ മറുപടിയിൽ പെട്രോൾ പമ്പിന്റെ വസ്തു നികുതി സ്ഥല പരിശോധന നടത്തി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചിട്ടില്ല.

2016-17 വർഷത്തെ വസ്തു നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ പിരിക്കുന്നില്ല എന്നു കണ്ടു. കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 3 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്കാണ് നമ്പർ നൽകിയിരിക്കുന്നത്. ച.മീറ്ററിന് 500/- രൂപയാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. നികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | മൊബൈൽ ടവർ കമ്പനിയുടെ | കെട്ടിട | നിർണ്ണയിച്ച | 2013-14 |
|---|---|---|---|---|

| നം. | പേര്/അഡ്രസ്സ്/ടവർ സ്ഥിതി ചെയ്യുന്ന സ്ഥലം | നം./തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി @500/-$m^2$ | മുതൽ നികുതി പിരിച്ചതിന്റെ വിവരം |
|---|---|---|---|---|
| 1 | വയർലസ് റ്റാറ്റ ടെലി.ഇൻഫോ സർവ്വീസസ് ലി./പ്ളാമുടി | I/375/6 ച.മീ. | 3000 | നാളിതുവരെ പിരിച്ചിട്ടില്ല. |
| 2 | ലീഗൽ മാനേജർ,വോഡാഫോൺ എസ്സാർ സെല്ലുലാർ ലി. എറണാകുളം /മുട്ടത്തുപാറ | III/175/4 ച.മീ. | 2000/- | „ |
| 3 | ബി.എസ്.എൻ.എൽ./കോട്ടപ്പടി. | XII/144/5 ച.മീ. | 2500/- | „ |

2016-17 വർഷത്തെ വസ്തു നികുതിയുടെ ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ.(അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. കോട്ടപ്പടി ഗ്രാമ പഞ്ചായത്തിൽ 3 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകൾക്കാണ് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിരിക്കുന്നത്(സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 3 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.). 4 ച.മീറ്റർ മുതൽ 6 ച.മീറ്റർ വരെയാണ് ഇവയുടെ തറവിസ്തീർണ്ണം കാണിച്ചിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയത്തിൽ വളരെ കുറച്ച് ഭാഗത്തിന് മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും മനസ്സിലാക്കുന്നു. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം. 707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരു പണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means "any structure for whatever purpose and of whatever material"). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റിന്റെ നിഗമനവും ശുപാർശകളും ചുവടെ ചേർക്കുന്നു.

1. എല്ലാ മൊബൈൽ ടവറുകളുടെയും ശരിയായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ആയതിനാൽ മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്തേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ മൊബൈൽ ടവറുകളുടേയും വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കുന്നുണ്ടോ എന്ന് സ്ഥല പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്.

3. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും അപാകതയുണ്ട്. 2013-14 മുതൽ മൊബൈൽ ടവറുകളുടെ നികുതി ലഭിച്ചിട്ടില്ലാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. വസ്തു നികുതി സംബന്ധിച്ച ഫയൽ പരിപാലനത്തിലും ജാഗ്രത പാലിക്കേണ്ടതാണ്.

മേൽ വിവരിച്ചവയുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/19-09-2017 ന് മറുപടിയിൽ വസ്തു നികുതി ഡിമാന്റ് നോട്ടീസ് സ്ഥാപന മേധാവിക്ക് നൽകിയിട്ടുണ്ടെന്നും സ്ഥല പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

എല്ലാ ടവറുകളുടേയും നികുതി കൃത്യമായി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പിരിക്കുന്നതിലെ ന്യൂനതകൾ

2016-17 വർഷം കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് പരിധിയിലെ റേഷൻ ഷോപ്പുകളിൽ നിന്നും തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നിവ പിരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായുള്ള പട്ടിക 1 ൽ 149 ാമത്തെ ഇനമായി റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവ നടത്തിപ്പ് എന്നത് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരമുള്ള ഡി & ഒ ലൈസൻസ് ആവശ്യമുള്ളതുമാണ്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204,205 വകുപ്പുകളും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളും പ്രകാരം തൊഴിൽ നികുതിയും പിരിക്കേണ്ടതാണ്. 18-08-2017 തീയതിയിലെ നം.സി4-25910/17 പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് /തൊഴിൽ നികുതി എന്നിവ പിരിക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/20-09-2017 ന് ലഭിച്ച മറുപടിയിൽ റേഷൻ ഷോപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്/തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കൂടാതെ ദി വില്ലേജ് ഇൻ എന്ന ബാർ ഹോട്ടലിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നില്ല.

2016-17 വർഷം തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളുടെ സ്ഥാപന തൊഴിൽ നികുതി പരിച്ചിട്ടില്ല എന്നു കണ്ടെത്തി. കെട്ടിട നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റോറിയങ്ങൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് /കെട്ടിട നം/സ്ഥലം | ഓഡിറ്റോറിയങ്ങളുടെ പേര്. |
|---|---|---|
| 1 | 12/339/കോട്ടപ്പടി | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ബിൽഡിംഗ് |
| 2 | 12/591/കോട്ടപ്പടി | കൈരളി കൾച്ചറൽ അസ്സോസിയേഷൻ |
| 3 | 12/602-എ/കോട്ടപ്പടി | കോട്ടപ്പടി ക്ളബ് |
| 4 | 13/450/കോട്ടപ്പടി | എം.ഇ.എച്ച്.എസ്. ഓഡിറ്റോറിയം |
| 5 | 8/123/നാഗഞ്ചേരി | സെന്റ് ജോർജ്ജ് ഹെബ്രോൺ ചർച്ച് നാഗഞ്ചേരി വക ഓഡിറ്റോറിയം |

ഓഡിറ്റിന്റെ അന്വേഷണത്തിൽ മേൽ വിവരിച്ച ഓഡിറ്റോറിയങ്ങൾ വിവിധ ആവശ്യങ്ങൾക്ക് വാടകയ്ക്ക്

നൽകുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 ാം വകുപ്പ് പ്രകാരം ഒരു വർഷത്തിൽ 60 ദിവസത്തിൽ കുറയാത്ത ദിവസം ഒരു ഗ്രാമ പഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തുന്ന സ്ഥാപനം തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ പ്രധാനപ്പെട്ടതായ തൊഴിൽ നികുതി പിരിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 4/17-09-2017 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-8 BSNL, KSEB സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കാത്തത്

തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ പ്രിൻസിപ്പൽ ജനറൽ മാനേജർ, ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും, KSEB ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ. തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ/ കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
കൂടാതെ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെയും,സ്ഥാപനത്തിന്റെ തൊഴിൽ നികുതിയും ഈടാക്കിയത് സംബന്ധിച്ച വിവരം തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഇല്ല.
ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1/16-09-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തൊഴിൽ നികുതി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളുടേയും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

# 2-9 വാർഷിക കണക്കുകളിലെ അപാകതകൾ

കോട്ടപ്പടി ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. 350300103 എന്ന ഹെഡ്ഡിൽ ഉൾപ്പെട്ട 10,536 രൂപ ഓഡിറ്റ് വർഷം വിവിധ ടെണ്ടർ ഫോറം വിറ്റതിന്റെ ഭാഗമായി ഇടാക്കിയ വാറ്റ് തുകയാണ്. 350300109 എന്ന ഹെഡ്ഡിൽ കാണുന്ന 34,695 രൂപയിൽ 32,446 രൂപ 2013-14 ൽ ഓഡിറ്റ് എൻക്വയറി 8 പ്രകാരം ഈടാക്കിയ തുകയാണ്. 2,249 രൂപ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഈടാക്കി മെയിന്റനൻസ് ഗ്രാന്റിലേക്ക് ഒടുക്കേണ്ട തുകയുമാണ്. 350300199 എന്ന ഹെഡ്ഡിലുള്ള 9,600 രൂപ സാമൂഹ്യസുരക്ഷപെൻഷൻ ഇനത്തിൽ തിരിച്ച് പിടിച്ച തുകയാണ്. മേൽ തുകകൾ അതാത് ഹെഡ്ഡിലേക്ക് തിരിച്ചടക്കേണ്ടതാണ്.
2. 340800101 എന്ന ഹെഡ്ഡിൽ Deposits received from others എന്ന ഹെഡ്ഡിലുള്ള 5,010 രൂപ 27.03.2013 ൽ 11202101210 എന്ന രസീത് നമ്പരിൽ ഒടുക്കിയ ഡി & ഒ തുക ഹെഡ്ഡ് മാറിപ്പോയതാണെന്ന് കാണുന്നു. ആയത് തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

3. തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് വരവിൽ ബാങ്ക് പലിശ ഇനത്തിൽ ലഭിച്ച 229 രൂപ ഉൾപ്പെടുത്തിയിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ തനത് ഫണ്ടിലെ 868 രൂപ ഉൾപ്പെടുത്തുകയും തൊഴിലുറപ്പ് പദ്ധതി ചെലവായ 92 രൂപ ഹെഡ്ഡ് മാറി Total energy security mission എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതിയുടെ ഇ.എഫ്.എം.എസ് തുകയിൽ 4,26,433 രൂപയുടെ റെക്റ്റിഫിക്കേഷൻ എൻട്രി നടത്തിയതായി കാണുന്നു. ആയതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ടതാണ്.

4. കേരളോത്സവത്തിന് ചെലവഴിച്ച തുക തനത് ഫണ്ടിന്റെ ചെലവായി ചേർത്തിരിക്കുന്നു.

കേരളോത്സവത്തിന്റെ ഹെഡ്ഡിൽ 15,000 രൂപ ബാക്കി കാണുന്നു. മേൽ അപാകതകൾ പരിഹരിക്കുക.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുവാട്ടർ ടാപ്പുകളുടെ വാട്ടർചാർജ്ജ് കുടിശ്ശിക സംബന്ധിച്ച്

കോട്ടപ്പടി ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന 307 പൊതുവാട്ടർ ടാപ്പുകൾക്കായി പ്രതിമാസം 134313/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട് എന്നാൽ വാട്ടർ അതോറിറ്റിയുടെ പ്രതിമാസബില്ലിൽ കാണിച്ചിരിക്കുന്ന കുടിശ്ശിക തുക നാളിതുവരെയായിട്ടും അടവാക്കുവാൻ നടപടി എടുത്തതായി കാണുന്നില്ല. അതുമൂലം പഞ്ചായത്തിന് ഫൈൻ ഇനത്തിൽ വൻ നഷ്ടം സംഭവിക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ 4/2016 ബില്ലിൽ കുടിശ്ശിക തുക 2100428/- രൂപയും ഫൈൻ തുക 41200/- രൂപയും ആയിരുന്നവെങ്കിൽ, 1/2017 ആയപ്പോഴേയ്ക്കും കുടിശ്ശിക തുക 2501697/- രൂപയും ഫൈൻ തുക 49071/- രൂപയുമായി വർദ്ധിച്ചതായി കാണുന്നു. സംസ്ഥാന സർക്കാരിന്റെ 13.09.2013 ലെ ജി.ഒ.(ആർ.ടി)2334/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പ് ബന്ധപ്പെട്ടവർ റിക്കൺസിലിയേഷൻ യോഗം ചേർന്ന് കുടിശ്ശിക നിവാരണം നടത്തി വകുപ്പ് മേധാവികൾ മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് നൽകേണ്ടതാണെങ്കിലും അങ്ങനെ ചെയ്തിട്ടില്ല.

ആയതിനാൽ കുടിശ്ശിക തുക അടയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ വാട്ടർ അതോറിട്ടിയുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനയിൽ ഉപയോഗശൂന്യമെന്ന് കണ്ടെത്തിയ 252 പൊതുടാപ്പുകളുടെ കണക്ഷൻ റദ്ദ് ചെയ്യുന്നതിന് അവരുടെ എസ്റ്റിമേറ്റ് പ്രകാരം 231300/- രൂപ വാട്ടർ അതോറിട്ടിയിലേക്ക് ചെക്ക് നംപർ 7253 തീയതി 31.3.2017 പ്രകാരം അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും വേല നടപ്പാക്കാത്തതിനാൽ ഉപയോഗിക്കാത്ത കുടിവെള്ളത്തിന് ഗ്രാമപഞ്ചായത്ത് വലിയ തുക ചെലവഴിക്കുന്നു. ടി വേല അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും തുക ഒടുക്കിയ തീയതി മുതൽ ഈ ടാപ്പുകളുടെ ചാർജ് ഒഴിവാക്കി കിട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പഞ്ചായത്തിന്റെ ധനവിനിയോഗത്തിലെ അപാകതകൾ

കോട്ടപ്പടി ഗ്രാമ പഞ്ചായത്തിലെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റുകൾ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് ഗ്രാന്റ്, തനത് ഫണ്ട്, സ്പെഷ്യൽ ഫണ്ടുകൾ എന്നിവയുടെ വിനിയോഗത്തിൽ ധാരാളം അപാകതകൾ ശ്രദ്ധയിൽ പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

1. മെയിന്റനൻസ് ഗ്രാന്റ് റോഡ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ഗ്രാന്റ് എന്നിവയുടെ വിനിയോഗം യഥാക്രമം 34%, 55%, 32% എന്നിങ്ങനെയാണ്. സർക്കാർ ആവർത്തിച്ച് വ്യക്തമാക്കിയിട്ടും ഒട്ടനവധി ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട് തൻവർഷം ചെലവ് ചെയ്യാൻ സാധിക്കാതിരുന്നത് ഈ കാര്യത്തിൽ പുലർത്തിയ ഉദാസീനതയാണ് വ്യക്തമാക്കുന്നത്.
2. ഗുണഭോക്താക്കളിൽ ഒരു ചെറിയ ശതമാനത്തിന് മാത്രമാണ് വിവിധ സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ആകെ ഗുണഭോക്താക്കൾ | സഹായം ലഭ്യമായ ഗുണഭോക്താക്കൾ |
|---|---|---|---|
| 1 | കറവപ്പശു വിതരണം | 156 | 65 |
| 2 | ഗാർഹിക കുടിവെള്ള കണക്ഷൻ | 287 | 129 |
| 3 | ഭവന പുനരുദ്ധാരണം | 325 | 9 |

| | | | |
|---|---|---|---|
| 4 | ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി ) | 97 | 7 |
| 5 | പഠനോപകരണം (എസ്.സി ) | 144 | 50 |
| 6 | സൈക്കിൾ വിതരണം (എസ്.സി ) | 85 | 12 |
| 7 | ഭവന പരിഷ്കരണം (എസ്.സി ) | 186 | 19 |
| 8 | വീടിന് വേണ്ടി സ്ഥലം വാങ്ങൽ (എസ്.സി ) | 67 | 3 |
| 9 | ലാപ് ടോപ് (എസ്.സി ) | 65 | 15 |
| 10 | സ്കോളർഷിപ്പ് (എസ്.സി ) | 43 | 12 |
| 11 | പഠനമുറി (എസ്.സി ) | 90 | 2 |

തനത് ഫണ്ട് കുറവായതിനാൽ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് മാത്രമാണ് പഞ്ചായത്തിന് പദ്ധതികൾ നടപ്പിലാക്കാൻ കഴിയൂ. ലഭ്യമായ ഫണ്ട് മുഴുവൻ വിനിയോഗിച്ചാൽ പോലും ഗുണഭോക്താക്കളിൽ ഒരു ചെറിയ വിഭാഗത്തിന് മാത്രമേ സഹായം നൽകാനാകൂ എന്നിരിക്കെ അവധാനത മൂലം ആയത് പാഴാകുന്നത് പരമാവധി ഒഴിവാക്കാൻ ഭരണസമിതി അംഗങ്ങളും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

3. മദ്യവിമുക്തിക്ക് വേണ്ടി ലഭ്യമായ സർക്കാർ ഫണ്ട് ( 25,000 രൂപ )ഇതുവരെ ചെലവഴിച്ചിട്ടില്ല.
4. മത്സ്യ ഫണ്ടിൽ നിന്നും ലഭ്യമായ തുക 64,244 രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ല.ആയത് ചെലവഴിക്കുകയോ സാദ്ധ്യമല്ലെങ്കിൽ ഡിപ്പാർട്ടിമെന്റിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.
5. നിർമ്മൽ പുരസ്കാരമായി ലഭിച്ചതിൽ 4,62,875 രൂപ ഇനിയും ചെലവഴിച്ചിട്ടില്ല. മാർക്കറ്റ് പോലുള്ള സ്ഥലങ്ങളിൽ ശൗചാലയ നിർമ്മാണം, ഭിന്നശേഷീസൗഹൃദ ശൗചാലയനിർമ്മാണം, ഖരമാലിന്യ സംസ്കരണം, ആയതിന് വേണ്ടി സ്ഥലം വാങ്ങൽ, വെർമി കംപോസ്റ്റിംഗ് പ്ളാന്റ് നിർമ്മാണം, ബയോഗാസ് പ്ളാന്റ് നിർമ്മാണം, സാനിറ്ററി നാപ്കിൻ നിർമ്മാണം, ആയതിന്റെ നശീകരണ സംവിധാനത്തിന്റെ നിർമ്മാണം (ഇൻസിനറേറ്ററുകൾ) തുടങ്ങിയ പദ്ധതികൾക്കും സമാനമായ മറ്റു പദ്ധതികൾക്കും മേൽതുക വിനിയോഗിക്കാവുന്നതാണ്.

6. ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമായി 4,65,226 രൂപ പഞ്ചായത്തിൽ ബാക്കിയുള്ളതായി കാണുന്നു. 2,24,608 രൂപ മുൻബാക്കിയും 2,51,936 രൂപ വരവും കാണുന്നു. ഇതിൽ വെറും 11,318 രൂപ മാത്രമാണ് ചെലവാക്കിയത്. അംഗനവാടി പോഷകാഹാരത്തിന് വേണ്ടി ചെലവായ 11,40,318 രൂപയിൽ 11,29,000 വികസനഫണ്ടിൽ നിന്ന് ചെലവാക്കിയതായി കാണുന്നു. പോഷകാഹാര വിതരണത്തിന് ചെലവഴിക്കേണ്ട കേന്ദ്ര തുക ചെലവഴിക്കാതെ പല പദ്ധതികൾക്കും വിനിയോഗിക്കാവുന്ന വികസന ഫണ്ട് ചെലവഴിച്ചത് യുക്തിസഹമല്ല എന്ന് ഓഡിറ്റ് കരുതുന്നു. പ്രത്യേക ആവശ്യത്തിനുള്ള ഫണ്ട് പരിപൂർണ്ണമായി ഉപയോഗിച്ച ശേഷം മാത്രം പൊതുഫണ്ട് ഉപയോഗിക്കുന്നതാണ് നല്ലത്. മാത്രമല്ല കേന്ദ്ര ഫണ്ട് അതാത് സാമ്പത്തിക വർഷം വിനിയോഗിക്കാത്തത് ആയതിന്റെ ആവശ്യകതയുടെ കുറവായി കണ്ട് ഭാവിയിൽ ഇത്തരത്തിലുള്ള ഫണ്ടുകൾ കുറയാനുള്ള സാദ്ധ്യതയും ഒഴിവാക്കേണ്ടതാണ്.

## 3-3 എസ്.എസ്.എ. വിഹിതം പൂർണ്ണമായി നൽകുന്നില്ല

കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷവും അതിന് മുൻപുള്ള പല വർഷങ്ങളിലും എസ്.എസ്.എ വിഹിതം പൂർണ്ണമായും നല്കുന്നില്ല. കഴിഞ്ഞ 4 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | നൽകേണ്ട തുക | നല്കിയ തുക | കുറവ് |
|---|---|---|---|---|
| 1 | 2013-14 | 14,68,434 | 4,00,000 | 10,68,434 |
| 2 | 2014-15 | 24,64,464 | 5,00,000 | 19,64,464 |
| 3 | 2015-16 | 17,39,885 | 6,00,000 | 11,39,882 |
| 4 | 2016-17 | 16,29,440 | 3,00,000 | 13,29,440 |
| ആകെ | | 73,02,223 | 18,00,000 | 55,02,220 |

കഴിഞ്ഞ 4 വർഷത്തിലായി 55 ലക്ഷത്തോളം രൂപ എസ്.എസ്.എ വിഹിതമായി നല്കാനുള്ളതായി കാണുന്നു.സർവ്വ ശിക്ഷ അഭിയാൻ എന്നത് കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ്. ഇതിൽ 2014-15 വരെ 65 ശതമാനം കേന്ദ്ര വിഹിതവും 35 ശതമാനം സംസ്ഥാന വിഹിതവുമായിരുന്നു. 2015-16 മുതൽ 60-40 അനുപാതത്തിലാണ് വിഹിതം. ഹൈസ്കൂളിന് താഴെയുള്ള വിദ്യാലയങ്ങൾ പഞ്ചായത്തിന് കൈമാറിയിരിക്കുന്നതിനാൽ കേന്ദ്രേതര വിഹിതം പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നൽകുന്നത്. പ്രസ്തുത പദ്ധതിക്ക് മതിയാകുന്ന തുക തന്നെ പദ്ധതി രൂപീകരണ വേളയിൽ വകയിരുത്തേണ്ടതുമാണ്. മേൽ തുക എസ്.എസ്.എ. യുടെ ജില്ലാ പ്രൊജക്ട് ഓഫീസർക്കാണ് നൽകേണ്ടത്. വിദ്യാർത്ഥികൾക്കുള്ള സൗജന്യ പാഠപുസ്തക വിതരണം, യൂണിഫോം വിതരണം, പാർട്ട് ടൈം അദ്ധ്യാപകരുടെ ശമ്പളം, അദ്ധ്യാപക പരിശീലനം, വിദ്യാലയ അറ്റകുറ്റപ്പണികൾ തുടങ്ങിയ ഇനങ്ങൾക്ക് വേണ്ടിയാണ് ഇങ്ങനെ നല്കുന്ന തുക ഉപയോഗിക്കുന്നത്. പ്രസ്തുത തുക നല്കുന്നതിൽ വീഴ്ച വരുത്തുന്നത് പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഇത്തരം പ്രവർത്തനങ്ങളെ ബാധിക്കാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതിയിൽ ഇതിൽ കൂടുതൽ നല്കുന്നത് മറ്റ് വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നുള്ള പഞ്ചായത്തിന്റെ അഭിപ്രായവും പരിഗണനാർഹമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം കൂടുതൽ ഗൗരവതലത്തിലേക്ക് പോകുന്നതിന് മുൻപ് സർക്കാരിലേക്ക് ഉചിത മാർഗ്ഗേണ അറിയിക്കുന്നതായിരിക്കും ഉചിതം. ആയതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-4 വ്യാപാര സമുച്ചയനിർമ്മാണം - കാലതാമസം സംബന്ധിച്ച്

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് നം. : 184/15 (124/16)

കരാറുകാരൻ : ബൈജു.പി എ (എസ്റ്റി. നിരക്കിൽ നിന്നും 11.20% കുറവിൽ)

2015 - 16 ൽ ആരംഭിച്ച വ്യാപാര സമുച്ചയനിർമ്മാണം എന്ന പ്രവൃത്തി 31.3.2017ൽ പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. ഇതിനായി 26.5.15 ൽ സ്ഥലം കൈമാറിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുകയോ ചെയ്തതായി കാണുന്നില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി. മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല.

വ്യാപാര സമുച്ചയനിർമ്മാണത്തിനായി KURDFC യിൽ നിന്നും ഇതുവരെ 28,60,975/-രൂപ അനുവദിച്ചതിന്റെ പലിശയിനത്തിൽ തൻവർഷം ആകെ 1,06,028/- പഞ്ചായത്തിന് ചെലവായിട്ടുണ്ട്. കൂടാതെ നിലവിലുണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ളക്സ് പൊളിച്ചു കളഞ്ഞതുമൂലം പ്രതിവർഷം 71,796/- രൂപയുടെ

വരുമാനനഷ്ടവും പഞ്ചായത്തിനുണ്ട്.

ആയതിനാൽ കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാതിരുന്നതിനാൽ ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃത കോമ്പൻസേഷൻ (പ്രതിവാര PAC യുടെ 0.1% നിരക്കിൽ) ഈടാക്കേണ്ടതാണ്.

| *അനുബന്ധ വിവരങ്ങൾ : -* | | |
|---|---|---|
| *പദ്ധതി അടങ്കൽ* | :- | *രൂ.98,00,000/-* |
| *കരാർ നം.* | :- | *1/15-16 തീയതി 26.5.2015* |
| *അളവു പുസ്തകം നം* | :- | *1/2015-16* |
| *ആകെ മൂല്യം (പാർട്ട് ബിൽ)* | :- | *രൂ. 31,78861/-* |
| *കരാറുകാരന് നല്കിയ തുക* | :- | *രൂ.25,40,654/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | :- | *ശ്രീമതി. ബോബി ഈപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *ഫൈനൽ ബിൽ തുക നല്കിയത്* | :- | *പണി പൂർത്തീകരിച്ചിട്ടില്ല.* |

## 3-5 മെഡിക്കൽ ഓഫീസർ (ആയുർവേദം) - പദ്ധതികളിലെ അപാകതകൾ

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

*( എ ) -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.*

ഔഷധിയിൽ നിന്ന് 03.03.2017 ലെ ഇൻവോയ്സ് നം.1696 പ്രകാരം 75,185 രൂപയുള്ള മരുന്നുകളിൽ താഴെ ചേർത്തിരിക്കുന്നവ ആശുപത്രിയിൽ ഇതുവരെ ലഭ്യമായിട്ടില്ല.

1. അഗസ്ത്യ രസായനം ( 500ഗ്രാം ) -1,615 രൂപ ( 17 ബോട്ടിൽ *95 രൂപ )
2. അഷ്ടചൂർണ്ണം ( 500ഗ്രാം ) – 3,108 രൂപ (12 ബോട്ടിൽ * 259 രൂപ )
3. സുദർശനചൂർണ്ണം ( 500 ഗ്രാം ) – 2,100 രൂപ ( 10 ബോട്ടിൽ * 210 രൂപ )

ആകെ – 6,823 രൂപ

ആയത് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

*( ബി ) -മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.*

ഔഷധിയിൽ നിന്ന് 12.10.2016 ലെ ഇൻവോയ്സ് നം.533 പ്രകാരം വാങ്ങിയ 1,00,000 രൂപയുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രസ്തുത മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-6 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല

2016-17 വർഷത്തെ ദുരിതാശ്വാസ നിധി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കോട്ടപ്പടി ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കണ്ടു. ദുരിതാശ്വാസ നിധിക്ക് വേണ്ടി കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ലി.നം. ഇ -155 ൽ അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട്. ഈ വർഷം ദുരിതാശ്വാസ നിധിയിലേക്ക് ആകെ 17000/- രൂപയാണ് ലഭിച്ചത്. ആകെ 11 വ്യക്തികൾക്ക് 2000/-രൂപ വീതം സഹായമായി നൽകിയിട്ടുണ്ട്. 31-03-2017 ൽ ഈ അക്കൗണ്ടിൽ ആകെ 3316/-രൂപയാണ് നീക്കിയിരിപ്പായി ഉള്ളത്. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയുടെ സബ് കമ്മിറ്റി ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നത്. 2003 ലെ കേരള പഞ്ചായത്തിരാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി ,വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത്

പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി നിലവിലെ സെക്രട്ടറിയും ഭരണ സമിതിയും പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 3/17-09-2017 നൽകിയതിന് മറുപടിയായി നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.)

## 3-7 സാമൂഹ്യസേവനപെൻഷൻ - അവലോകനം

ഓഡിറ്റ് വർഷം 535 പെൻഷൻ അപേക്ഷകൾ ലഭിച്ചു. മുൻ വർഷത്തെ അന്വേഷണ ഉദ്യോഗസ്ഥരുടെ കൈവശമുണ്ടായിരുന്ന 74 അപേക്ഷകൾ സഹിതം ആകെ 609 അപേക്ഷകൾ ഓഡിറ്റ് വർഷം പരിഗണിച്ചു. ഇതിൽ 498 എണ്ണം അംഗീകരിച്ചതായും 89 എണ്ണം നിരസിച്ചതായും കാണുന്നു. 22 എണ്ണം 31.03.2017 ൽ അന്വേഷണ ഉദ്യോഗസ്ഥരുടെ കൈവശമായിരുന്നു. 2016-17 ൽ 102 അക്കൗണ്ട് സസ്പെൻഡ് ചെയ്തു. അതിൽ 101 എണ്ണവും മരണം മൂലമായിരുന്നു. 2016-17 ൽ നടത്തിയ അദാലത്തിൽ 2 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്. ആയത് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. 2016 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ പെൻഷൻ 203 പേർക്കും, 2017 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ 170 പേർക്കും 2017 ഏപ്രിൽ മാസത്തിലെ പെൻഷൻ 138 പേർക്കും വിവിധ കാരണങ്ങൾ കൊണ്ട് ലഭിച്ചിട്ടില്ലെന്ന് കാണുന്നു. മരണത്തിന് പുറമെ അഫിഡവിറ്റ് സമർപ്പിക്കാത്തതിനാലും ആധാർ കാർഡ് ബന്ധിപ്പിക്കാത്തതിനാലുമാണ് പലർക്കും പെൻഷൻ ലഭിക്കാതിരുന്നത്. മേൽ വിവരം ഗുണഭോക്താക്കളെ അറിയിച്ച് അർഹതയുള്ള എല്ലാവർക്കും പെൻഷൻ കുടിശ്ശിക സഹിതം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 187500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 187500 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

2016-17

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകളുടെ ഡിസ്കണക്ഷൻ | ചെക്ക് നം. 7253/31-03-2017 | 231300 | ഇല്ല | 231300/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കോട്ടപ്പടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം /KURDFC | KURDFC/ ഉത്തരവ് നം./300/2015 .23-05-2015 | 28,60,975 | 28,60,975 | | 1,06,028 | 28,60,975 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഒടുക്കിയ വ്യക്തി/സ്ഥാപനം | തുക | രസീത് നം/തിയതി |
|---|---|---|---|
| 2015-16 | മധുമിത എന്റർപ്രൈസസ് | 9,000 | 11602102005/17.01.2017 |
| 2015-16 | അസി.മാനേജർ,സപ്ലൈക്കോ | 2,500 | 11602102886/23.02.2017 |
| 2015-16 | പുത്തൻപുരയിൽ പ്ലൈവുഡ്, പാനിപ്ര | 1,050 | 11602103243/02.03.2017 |
| 2014-15 | എം.എസ്.കുഞ്ഞുമുഹമ്മദ്, വി-സ്റ്റാർ പ്ളൈവുഡ് | 2,880 | 11602104385/27.03.2017 |
| | | 15,430 | |

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,54,98,938 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,90,17,270 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക – ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം - ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ – ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി 1)1147/99/4.2.1998 |
| 1997-98 | എൽ.എഫ്.ഇ(പി 1)102/03/7.8.2003 |
| 1998-99 | എൽ.എഫ്.ഇ(പി 1)886/04/9.2.2005 |
| 1999-00 | എൽ.എഫ്.ഇ(പി 1)887/04/9.2.2005 |
| 2000-01 | എൽ.എഫ്.ഇ(പി 1)888/04/9.2.2005 |
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 |
| 2010-11 2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 |
| 2012-13 2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016 തീയതി 25.07.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016 തീയതി 04.03.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം.(പി7)1881/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 25/11/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-9 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

.

APPENDIX 1

No.KSA.EKM(P.7)1881/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 25/11/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kottapady Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

.

In my opinion, the Financial Statement of Kottapady Gramapanchayat for the year 2016-17 except the

observations in para 2-9 of my audit report properly presents the picture of income and expenditure.

.

Deputy Director
Kerala State Audit Department
Ernakulam